(ബി) പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ കാർ തട്ടി മരിച്ചവരുടെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ധനകാര്യ മന്ത്രിയുടെ കാർ തട്ടി അപകടമുണ്ടായ ആർക്കെങ്കിലും സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(ഡി) മന്ത്രിമാരുടെ കാർ തട്ടി ഉണ്ടാകുന്ന അപകടങ്ങൾ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഡി) പിന്നോക്ക ക്ഷേമ മന്ത്രിയുടെ കാറും ആട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞ ഓട്ടോഡ്രൈവർ ദിനരാജിന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും പരിക്കുപറ്റിയ നാലു സ്ത്രീകൾക്ക് 25,000 രൂപ വീതവും ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയിട്ടുണ്ട്. 17.3.99 ൽ ധനകാര്യവകുപ്പു മന്ത്രിയുടെ കാർതട്ടി പരിക്കേറ്റ ശ്രീമതി ഗ്രേസിക്ക് 5000/- രൂപയും ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

കണ്ണൂരിലെ അക്രമസംഭവം

20 (731)ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ അക്രമസംഭവങ്ങളെപ്പറ്റി കേന്ദ്ര ഗവണ്മെന്റ് റിപ്പോർട്ട് ആവശ്യപ്പെടുമോ;

(ബി) എങ്കിൽ എപ്പോൾ;

(സി) ഇതനുസരിച്ച് കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയോ?

ഉത്തരം

(എ)-(സി) 2.12.99-ന് കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് 4.12.99-ന് നൽകിയിട്ടുണ്ട്.

കണ്ണൂരിലെ കൊലപാതകം

21 (732)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 1-ാം തീയതി മുതൽ കണ്ണൂർ ജില്ലയിൽ ഉണ്ടായ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമങ്ങളിൽ എത്ര പേരെ ഇതിനോടകം അറസ്റ്റു ചെയ്തിട്ടുണ്ട്;

(ബി) ഈ ദിവസങ്ങളിൽ പോലീസിനെ എതിരെ എത്ര അക്രമങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഭവങ്ങളിൽ പോലീസിൽ നിന്നും റിവോൾവർ തട്ടിയെടുത്ത എത്ര സംഭവങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly